**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**
**ജില്ലാ ഓഫീസ്, വയനാട്**

No.WS(1)204/09 നോർത്ത് കൽപ്പറ്റ,
തീയതി :25.9.2009.

**വിജ്ഞാപനം**

12.4.2007-ലെ ഗസറ്റ് വിജ്ഞാപനപ്രകാരം വയനാട് ജില്ലയിൽ വിവിധ വകുപ്പുകളിൽ **ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് (പട്ടികജാതി/പട്ടികവർഗക്കാർക്കുവേണ്ടിയുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ്)** തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിനായി 18.10.2008-ന് നടന്ന OMR പരീക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാൻ സോപാധികമായി അർഹരാണെന്ന് കണ്ട ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ അടങ്ങിയ സാധ്യതാ പട്ടിക ചുവടെ ചേർത്തിരിക്കുന്നു.

പരീക്ഷയുടെ രജിസ്റ്റർ നമ്പറിന്റെ ക്രമത്തിൽ മാത്രമാണ് ഈ ലിസ്റ്റ് പ്രസിദ്ധീകരിച്ചിരിക്കുന്നത്.

ഈ സാധ്യതാലിസ്റ്റിൽ നമ്പർ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ പേര് ജനനത്തിയതി, സമുദായം, നേറ്റിവിറ്റി, യോഗ്യതകൾ തുടങ്ങിയവയെല്ലാം തെളിയിക്കുന്നതിനുവേണ്ടി അസ്സൽ രേഖകളുടെ പരിശോധന ലിസ്റ്റിന്റെ ഒടുവിൽ കാണിച്ചിരിക്കുന്ന ദിവസങ്ങളിൽ നടത്തുന്നതാണ്.

OMR പരീക്ഷക്ക് **81** ഉം (എൺപത്തിയെന്നും) അതിനുമുകളിലും മാർക്ക് ലഭിച്ചിട്ടുള്ള ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകളാണ് മെയിൻലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

**73** ഉം അതിനുമുകളിലും മാർക്ക് ലഭിച്ച പട്ടികവർഗ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകളാണ് സപ്ലിമെന്ററി ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

രജിസ്റ്റർ നമ്പറുകൾക്ക് മുമ്പിലായി 'W' ചേർത്ത് വായിക്കേണ്ടതാണ്.

**MAIN LIST**

| | | | |
|---|---|---|---|
| 100159 | 100228 | 100301 | 100308 |
| 100356 | 100430 | 100537 | 100570 |
| 100774 | 100781 | 100821 | 101243 |
| 101308 | 101433 PH | 101638 | 101716 |

**SUPPLEMENTARY LIST - S.T.**

| | | | |
|---|---|---|---|
| 100146 | 101296 | 101425 | 101432 PH |

## അറിയിപ്പുകളും നിർദ്ദേശങ്ങളും

1. അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടത്തിയിട്ടില്ലാത്തതിനാൽ തികച്ചും സോപാധികമായിട്ടാണ് ഈ പട്ടികയിൽ രജിസ്റ്റർ നമ്പറുകൾ ഉൾപ്പെടുത്തിയിരിക്കുന്നത്. സാധ്യതാപട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടു എന്നത് റാങ്ക് പട്ടികയിൽ ഉൾപ്പെടുന്നതിന് യാതൊരു അവകാശവാദവും ഉദ്യോഗാർത്ഥിക്ക് പ്രദാനം ചെയ്യുന്നില്ല.

2. ഉദ്യോഗാർത്ഥികൾ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുളള വിശദാംശങ്ങളെ അടിസ്ഥാനമാക്കിയാണ് സാധ്യതാപട്ടിക തയ്യാറാക്കിയിട്ടുളളത്. അപേക്ഷയിൽ എഴുതാതെ യാതൊരു അവകാശവാദവും തുടർന്ന് സ്വീകരിക്കുന്നതല്ല.

3. സാധ്യതാ പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടിട്ടുളളവർ താഴെ വിവരിച്ചിരിക്കുന്ന പ്രമാണങ്ങളുമായി സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാകേണ്ടതാണ്.

**തീയ്യതി : 15.10.09 സമയം : 10.00 a.m.**

**സ്ഥലം : കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ജില്ലാ ഓഫീസ്**
**MGT ബിൽഡിങ്ങ്, കൽപ്പറ്റ നോർത്ത്**
**വയനാട്.**

*വികലാംഗരായ ഉദ്യോഗാർത്ഥികൾ അർഹതാ നിർണ്ണയത്തിനുള്ള അഭിമുഖത്തിന്റെ ദിവസം ഹാജരായാൽ മതിയാകുന്നതാണ്.

## ഹാജരാക്കേണ്ട പ്രമാണങ്ങൾ

(a) പേര്, ജനനത്തിയതി, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള എല്ലാ സർട്ടിഫിക്കറ്റുകളും (പകർപ്പുകൾ സഹിതം)

(b) ജാതി തെളിയിക്കുന്നതിന് തഹസിൽദാരിൽ നിന്ന് ലഭിച്ച പുതിയ ജാതിസർട്ടിഫിക്കറ്റ് (ഗസറ്റിലുള്ള മാതൃകപ്രകാരം) ഹാജരാക്കേണ്ടതാണ് (ഒറിജിനലും 2 പകർപ്പുകളും)

(c) വയനാട് ജില്ലയിൽ ജനിച്ചു വളർന്ന അപേക്ഷകർ GO(MS)205/1983 dated 26.2.1983 പ്രകാരമുള്ള **നേറ്റിവിറ്റി സർട്ടിഫിക്കറ്റ്** (അസ്സൽ) ഹാജരാക്കണം.

(d) മറ്റ് അവകാശവാദങ്ങൾ എന്തെങ്കിലും ഉള്ളവർ ആയത് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ.

(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)
(ഒപ്പ്)
പി. വിജയൻ
ജില്ലാ ഓഫീസർ
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ഓഫീസ്, വയനാട്

jk/kpsc2/notfn.204-09dt25.9.09